manoramaonline

കായംകുളം കൊച്ചുണ്ണിയെ ആരാധിക്കുന്ന മലനട

Tuesday 23 October 2018 12:35 PM IST

by മനോരമ ലേഖകൻ

കാരംവേലി ● പാവങ്ങളുടെ പടത്തലവനായി ചരിത്രത്താളുകളിൽ വീരേതിഹാസം രചിച്ച ജനപ്രിയ കള്ളന്റെ കഥ അഭ്രപാളികളിൽ എത്തിയതോടെ ആ കള്ളനെ ആരാധിക്കുന്ന ഇടം തേടി ജനമൊഴുകുന്നു, ഇടപ്പാറ മലദേവർ മലനടയിലേക്ക്.

മതസൗഹാർദത്തിനു നൂറ്റാണ്ടുകൾക്കു മുൻപേ മലയാള മണ്ണിൽ ഇടമുണ്ടെന്നു ചങ്കുപറിച്ചു കാട്ടി വിളിച്ചു പറഞ്ഞ് അതു തെളിയിച്ച പരുക്കനായ, നന്മ നിറഞ്ഞ കള്ളനായ യുവാവ്. കായംകുളം കൊച്ചുണ്ണി. ഉള്ളവനിൽ നിന്ന് ഇല്ലാത്തവനിലേക്കു 'സഹായകൈമാറ്റം' നടത്തി ജനമനസ്സുകൾ കീഴടക്കിയ ചീരനാടിന്റെ കളരി അഭ്യാസിയായ ആ വീരനാണ് ഇവിടെ വിഗ്രഹാരാധനയുള്ളത്. കായംകുളം കൊച്ചുണ്ണിക്കു വച്ചാരാധനയുള്ള സംസ്ഥാനത്തെ ഏക മലനടയെന്ന ഖ്യാതി പേറുന്ന ഇടപ്പാറ മലനട.

ടികെ റോഡിൽ കാരംവേലി ജംക്ഷനു പടിഞ്ഞാറ് 2 കിലോമീറ്റർ ദൂരത്ത് പ്രകൃതി ഒരുക്കിയ പച്ചപ്പിനുള്ളിലെ മനോഹരമായ കാവിനുള്ളിൽ പാടത്തോടു ചേർന്നാണ് അദ്ദേഹമുള്ളത്, തീർത്തും ശാന്തനായി. പ്രധാന നിവേദ്യമായ മെഴുകുതിരിയും ചന്ദനത്തിരിയും ഇവിടെ ആ ധീരനോടുള്ള ഭക്തിക്ക് പ്രകാശവും സുഗന്ധവും ചാർത്തുന്നു. നേരത്തേ ഇവിടെ മരച്ചുവട്ടിലായിരുന്നു കൊച്ചുണ്ണിയെ കുടിയിരുത്തിയതെങ്കിലും പിന്നീട് മേൽക്കൂരയില്ലാതെ നിലവിലുള്ള സ്ഥാനത്തേക്കു കൂടുതൽ സൗകര്യത്തോടെ മാറ്റുകയായിരുന്നു.

19–ാം നൂറ്റാണ്ടിലാണ് സാമ്രാജ്യത്വത്തിനും ജാതിവ്യവസ്ഥിതികൾക്കുമെതിരെയുള്ള തുറന്നുപറച്ചിലായി കൊച്ചുണ്ണി ജീവിച്ചത്. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയിൽ 1830ലെ കേരള ചരിത്രത്തിന്റെ ഭാഗമായാണ് കൊച്ചുണ്ണിയുടെ ജീവചരിത്രം അവതരിപ്പിക്കുന്നത്. കായംകുളത്ത് രാജകൊട്ടാരത്തിലെ പടയണിക്കു ശേഷം മടങ്ങുകയായിരുന്ന ഇടപ്പാറ മലയിലെ ഊരാളി വഴിവക്കിലെ ആൽമരച്ചുവട്ടിൽ രാത്രിയിൽ വിശ്രമിക്കുമ്പോൾ മരത്തിന്റെ മുകളിൽ നിന്ന് അശരീരി ഉയർന്നു.

ഞാൻ അലയുകയാണ് ഒരിരിപ്പിടം തരുമോയെന്നായിരുന്നു അത്. ഇറങ്ങിവന്ന ആൾ സ്വയം പരിചയപ്പെടുത്തി, ഞാൻ കായംകുളം കൊച്ചുണ്ണി. അന്ന് ഊരാളിക്കൊപ്പം കൂടിയ കൊച്ചുണ്ണി പുന്നയ്ക്കാട് ദേശത്തു വന്നാണ് പിന്നീട് കുടികൊണ്ടതെന്നും അവിടെ നിന്ന് ഇടപ്പാറ മലയച്ചൻ ഇരിപ്പിടം നൽകുകയായിരുന്നുവെന്നുമാണ് കൊച്ചുണ്ണി ഇടപ്പാറയിലെത്തിയതിനു പ്രചരിക്കുന്ന കഥകളിൽ ഒന്ന്.

ഇന്നിപ്പോൾ 45 കോടി രൂപ ചെലവിൽ മലയാളത്തിലെ ഏറ്റവും കൂടുതൽ മുതൽമുടക്കുള്ള ചിത്രമായാണ് കായംകുളം കൊച്ചുണ്ണി തിയറ്ററുകളിലെത്തിയിരിക്കുന്നത്. കൊച്ചുണ്ണിയായി നിവിൻ പോളിയും കൊച്ചുണ്ണിയുടെ സുഹൃത്ത് ഇത്തിക്കര പക്കിയായി മോഹൻലാലും വേഷമിടുന്നു. ചിത്രത്തിന്റെ ആദ്യ ഷോട്ട് ഇടപ്പാറയിലായിരുന്നു ചിത്രീകരിച്ചതെങ്കിലും സിനിമയിൽ അവസാനമാണുള്ളത്.